Government be pleased to state how far the construction of the Moozhikkal Thodu Bridge in the Melur village progressed ?

Dr. A. R. Poduval *(Offg. Director of Public Health and Panchayats).*—The bridge work has since been postponed due to insufficiency of provision in the current year for completing the bridge work.

News-paper article—Gomathi—Panchayat election—Malayattur.

ഏവൂന്നു. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ?

(എ) മലയാറ്റൂർ പഞ്ചായത്തു തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് "ഗോമതി" പത്രത്തിൽ പ്രസിദ്ധീകരിച്ചുകണ്ട ലേഖനം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് ഗവമ്മെൻറു് വല്ല നടപടിയും നടത്തീട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടിയാണു് ഗവർമ്മെൻറു് അതിന്മേൽ നടത്തീട്ടുള്ളതു്?

ഡാക്ടർ എ. ആർ. പുതുവാൾ (*Offg. Director of Public Health and Panchayats*).—

(എ), (ബി) & (സി) ഈ നാ തീയതിയിലെ പത്രത്തിലാണു് ലേഖനം പ്രസിദ്ധപ്പെടുത്തീട്ടുള്ളതെന്നു് ചോദ്യത്തിൽ പറഞ്ഞിട്ടില്ലാത്തതിനാൽ ഉത്തരം പറയുന്നതിനു നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—മലയാറ്റൂർ പഞ്ചായത്തു തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള വല്ല കട്ടിംഗും ഗോമതി പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഗവർമ്മെൻറിനു കിട്ടീട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ (*Secretary to Government*).—ഉണ്ടായിരിക്കും, തീർച്ചപറയാൻ വയ്യാ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).—പത്രങ്ങളിൽ 'ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധക്കു്' എന്നു തലക്കെട്ടിൽ എഴുതുന്ന സംഗതികൾ ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ യഥാർത്ഥത്തിൽ പെടാറുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ (*Secretary to Government*).—ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— അങ്ങിനെ മലയാറ്റൂർ പഞ്ചായത്തു തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് വല്ല ആവലാതികളും ഉണ്ടായതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തേണ്ടതായ വിഷയങ്ങളും ഗവർമ്മെൻറ് കാണുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ (*Secretary to Government*).— ഉണ്ടായിരിക്കാമെന്നേ പറയാൻ തരമുള്ളൂ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നാണു ചോദ്യം.

Mr. President.—It is usual when references are made to newspaper articles the date also is given. It is not the duty of the Government to search all the files and find where the article appears. I think it will be very unreasonable if Government are asked to read all the newspapers to find out the article on that subject. Therefore now you are given an answer and you will have to be satisfied with that.

As a matter of fact the President of the Legislative Assembly on one occasion gave a ruling that the Hon'ble Member who refers to a cutting must actually send the cutting to Government to facilitate answering. We do not insist so much. If the Hon'ble Member does not give the date of the paper it is very hard on the Government to find it out.

A. S. P. Mr. Pappali—legal action against—sanction for.

187. Mr. V. K. Krishnankutty (*Anthikad*).—Will the Government be pleased to state:—

(1) whether Mr. Narayanan Nambissan, an honorary physician of the Rama Varma Ayurvedic Hospital, Trichur, has applied for sanction to sue A. S. P. Mr. Pappali;

(2) if so, whether the Government will be pleased to place a copy of the petition on the table of each member;

(3) whether sanction has been given?

Mr. K. P. Kannan Nayar (*Secretary to Government*).—

(1) Yes:

(2) A copy of the petition is appened. (*Appendix I*).

(3) No.

Mr. V. K. Krishnankutty (*Anthikad*).—Has the matter been finally closed Sir?

LIBRARY ARCHIVES Kerala Legislative Assembly